മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിൽ വനിതാ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കണമെന്ന സച്ചാർ കമ്മിറ്റി ശുപാർശ

52 (2056) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിൽ വനിതകൾക്കായി എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കണമെന്ന സച്ചാർ കമ്മിറ്റി ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ താനൂർ നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്ക് കോംപൗണ്ടിൽ ഇതിനായി സ്ഥലപരിശോധന നടത്തുകയുണ്ടായോ ;

(സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) അവിടെ സ്ഥലം, കെട്ടിടം, ഗതാഗത സൗകര്യം എന്നീ ഘടകങ്ങൾ കോളേജിന് പൂർണ്ണമായും അനുയോജ്യമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ പുനഃപരിശോധന നടത്തുമോ ; കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടത്തിയിട്ടുണ്ട്.

(സി) കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്ക് കോമ്പൗണ്ടിൽ ഒരു വനിതാ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുന്നതിനെക്കുറിച്ച് ഒരു പ്രായോഗിക പഠനം സ്ഥലം സന്ദർശിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ നടത്തുകയും ഒരു എഞ്ചിനീയറിംഗ് കോളേജിൽ എ.ഐ.സി.റ്റി.ഇ. നിയമം അനുശാസിക്കുന്ന സ്ഥലസൗകര്യങ്ങൾ ഉണ്ടെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കോമ്പൗണ്ടിൽ 10 ഏക്കർ സ്ഥലം വനിത എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുന്നതിനുവേണ്ടി മാറ്റിവയ്ക്കാവുന്നതാണെന്നും പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി & ഇ) നിലവിലെ പോളിടെക്നിക്ക് കോളേജിന് ആവശ്യമായ കെട്ടിടങ്ങൾ മാത്രമാണ് ഇപ്പോൾ ഈ കോമ്പൗണ്ടിൽ നിലവിലുള്ളത്. സ്ഥലമൊഴികെയുള്ള ഭൗതീക സാഹചര്യങ്ങളും മറ്റടിസ്ഥാന സംവിധാനങ്ങളും ഏർപ്പെടുത്തിയാൽ മാത്രമേ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കാനാകു. ഇതുസംബന്ധിച്ച് പ്രാരംഭപഠനം നടത്തുന്നതിലേക്കായി സ്പെഷ്യൽ ഓഫീസറെ നിയമിക്കണമെന്ന സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly